## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 3315 23.06.2014 -ലെ മറുപടിയ്ക്ക്**


# ഫയൽ തീർപ്പാക്കൽ യജ്ഞം


ചോദ്യം

ശ്രീ. പി. കെ. ബഷീർ.

ഉത്തരം

ശ്രീ. ഉമ്മൻചാണ്ടി

(ബഹു: മുഖ്യമന്ത്രി)


| | | | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റിൽ തീർപ്പാക്കാതെ എത്ര ഫയലുകൾ ഉണ്ടെന്നുള്ള വിവരം വർഷം തിരിച്ച് ലഭ്യമാക്കുമോ ; | (എ) | 2014 ഏപ്രിൽ മാസത്തെ കണക്കനുസരിച്ച് സെക്രട്ടേറിയറ്റിൽ 1,68,368 ഫയലുകൾ തീർപ്പാക്കാൻ ഉണ്ട്. വകുപ്പുകളുടെ പ്രതിമാസ പ്രവർത്തന പത്രിക പ്രകാരം ഒരു വർഷത്തിനും രണ്ടു വർഷത്തിനും ഇടയ്ക്ക് പഴക്കമുള്ളവ, രണ്ടു വർഷത്തിനുമേൽ പഴക്കമുള്ളവ എന്നീ പ്രകാരമാണ് ഫയലുകളുടെ കാലപഴക്കം പരിശോധിച്ചുവരുന്നത്. ഇതിൽ 24,068 ഫയലുകൾ ഒരു വർഷത്തിനും രണ്ടു വർഷത്തിനും ഇടയ്ക്ക് പഴക്കമുള്ളതും 20,132 ഫയലുകൾ രണ്ട് വർഷത്തിനുമുകളിൽ പഴക്കമുള്ളതും ആണ്. |
| (ബി) | ഫയൽ തീർപ്പാക്കൽ യജ്ഞം ഈ സർക്കാർ നിലവിൽ വന്നശേഷം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം വകുപ്പുകളിൽ നടത്തിയിട്ടുണ്ട് ; ഇവയിൽ അന്തിമതീരുമാനം കൈക്കൊള്ളാതെ ഫയൽ അവസാനിപ്പിച്ച സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ ; | (ബി) | ഉണ്ട്. ഈ സർക്കാർ നിലവിൽ വന്നശേഷം നൂറ് ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി 2011 ജൂൺ മാസം മുതൽ സെപ്റ്റംബർ വരെ തീവ്ര ഫയൽ തീർപ്പാക്കൽ യജ്ഞം സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും വിവിധ സർക്കാർ വകുപ്പുകളിലും, കളക്ടറേറ്റുകളിലും നടത്തിയിട്ടുണ്ട്. കൂടാതെ നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി 2014 മെയ് - ജൂൺ മാസങ്ങളിലായി മൂന്നു ഘട്ടത്തിലുള്ള ഫയൽ അദാലത്ത് സെക്രട്ടേറിയറ്റിലും മറ്റ് സർക്കാർ വകുപ്പുകളിലും കളക്ടറേറ്റുകളിലും നടന്നുകൊണ്ടിരിക്കുകയാണ്.ഇവയിൽ അന്തിമ തീരുമാനമാകാതെ ഫയൽ അവസാനിച്ച സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഫയൽ തീർപ്പാക്കൽ യജ്ഞം സെക്രട്ടേറിയറ്റ് തലത്തിലും മറ്റ് വകുപ്പുകളിലും നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ? | (സി) | നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി 2014 മെയ് - ജൂൺ മാസങ്ങളിലായി മൂന്നു ഘട്ടത്തിലുള്ള ഫയൽ അദാലത്ത് സെക്രട്ടേറിയറ്റിലും മറ്റ് സർക്കാർ വകുപ്പുകളിലും കളക്ടറേറ്റുകളിലും നടന്നുകൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ